# MALAYALAM

*(Maximum Marks : 80)*

*(Time Allowed : Three Hours)*

*(Candidates are allowed **additional 15 minutes** for **only** reading the paper.*

*They must **NOT** start writing during this time.)*

*Answer **Questions 1, 2 and 3 in Section A** and **four** other questions from **Section B** on any **three** out of the **four** prescribed textbooks.*

*The intended marks for questions or parts of questions are given in brackets [ ].*

## SECTION—A
## LANGUAGE - 40 MARKS

**Question 1** **[15]**

**Write a composition in approximately 400 words in Malayalam on any ONE of the topics given below.**

**(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി 400 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക.)**

(i) നിങ്ങളുടെ സന്ദർഭോചിതമായ ഇടപെടൽമൂലം ഒരു വലിയ പ്രതിസന്ധിഘട്ടത്തിൽനിന്നും സുഹൃത്തുക്കൾക്കു രക്ഷപ്പെടാൻ കഴിഞ്ഞ അനുഭവങ്ങളെപ്പറ്റിയും അതുമൂലം നിങ്ങൾക്കുണ്ടായ അഭിമാനബോധത്തെപ്പറ്റിയും വിവരിക്കുക.

(ii) "ഭീരുക്കൾ പലവട്ടം മരിക്കുന്നു. ധീരന്മാർ ഒരിക്കൽ മാത്രം". ഈ ചൊല്ലിനെപ്പറ്റി ഉപന്യസിക്കുക.

(iii) രാജ്യത്തിന്റെയും ജനങ്ങളുടെയും സമാധാനത്തിനും സുരക്ഷയ്ക്കുംവേണ്ടി എന്തു ത്യാഗവും ചെയ്യാൻ കടപ്പെട്ടിരിക്കുന്ന നമ്മുടെ പട്ടാളക്കാരും അവരുടെ കുടുംബങ്ങളുമാണ് യഥാർത്ഥ മഹാന്മാർ. പട്ടാളക്കാരുടെ സേവനങ്ങളെപ്പറ്റി വിവരിക്കുക.

(iv) 'ആധുനിക കാലത്തു കൂടുതൽ സുഖസൗകര്യങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും മാനുഷികമൂല്യങ്ങൾ തകരുകയും കുടുംബ ബന്ധങ്ങളിൽ താളപ്പിഴകൾ വർദ്ധിക്കുകയും ചെയ്യുന്നുണ്ട്' – ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(v) വിദ്യാഭ്യാസരീതികളും പഠന പ്രവർത്തനങ്ങളും കൂടുതൽ ആനന്ദകരവും മെച്ചപ്പെട്ടതുമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഉപന്യസിക്കുക.

**This Paper consists of 10 printed pages.**


© *Copyright reserved.*

**Turn over**

(vi) താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു സ്വതന്ത്രകഥ എഴുതുക :

(a) അമ്മ മനസ്സ്

(b) ഒരു യാത്ര

**Question 2**

**Read the passage given below carefully and answer the questions that follow, using your own words in Malayalam.**

**(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക.)**

സാധാരണയായി നമ്മുടെ മനസ്സ് വർത്തമാന നിമിഷത്തിൽ നിൽക്കാറില്ല. മറിച്ച് മിക്കപ്പോഴും കഴിഞ്ഞുപോയ കാര്യങ്ങളെക്കുറിച്ചും ഭാവിയെക്കുറിച്ചും ചിന്തിച്ചുകൊണ്ടിരിക്കുക മനസ്സിന്റെ സ്വഭാവമാണ്. വാസ്തവത്തിൽ ഈ നിമിഷം മാത്രമാണ് നമ്മുടെ കയ്യിലുള്ളത്. അതു നമ്മുടെ കയ്യിലിരിക്കുന്ന പണംപോലെയാണ്. അശ്രദ്ധയോടെ ചെലവഴിക്കാം. വിവേകപൂർവം ചെലവഴിക്കുകയും ചെയ്യാം.

ഭൂതകാലത്തിലെ വേദനകളും ദുഃഖങ്ങളും കുറ്റബോധവും ഭാവിയെക്കുറിച്ചുള്ള ആശങ്കകളും നമ്മളെ സദാ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കും. ഇങ്ങനെ ചിന്തിച്ചിരുന്നാൽ വർത്തമാന നിമിഷത്തിലെ സമാധാനമാണ് നമുക്കു നഷ്ടമാകുന്നത്. അതു, മൂർഖൻ പാമ്പിന്റെ മാളത്തിനു തൊട്ടടുത്തു കിടന്നുറങ്ങാൻ ശ്രമിക്കുന്നതുപോലെയാണ്. അങ്ങനെ ചെയ്യുന്നയാളിനു ഒരു നിമിഷംപോലും സാമാധാനമായി കണ്ണടയ്ക്കാനാവില്ല. എന്നെ പാമ്പ് കൊത്തുമോ, ഞാൻ മരിച്ചു പോകുമോ എന്നു ചിന്തിച്ചു മനസ്സ് അസ്വസ്ഥമായിരിക്കും. കൈവിട്ടുപോയ ഭൂതകാലത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നത്, ചീഞ്ഞളിഞ്ഞ മൃതശരീരത്തെ കെട്ടിപ്പിടിച്ചു കിടക്കുന്നതുപോലെയാണ്. അല്ലെങ്കിൽ പോക്കറ്റടിച്ചുപോയ പണത്തെക്കുറിച്ച് ചിന്തിച്ചിരിക്കുമ്പോൾ വീണ്ടും പോക്കറ്റടിക്കു വിധേയനാകുന്നതുപോലെയാണ്. ഭാവിയെക്കുറിച്ചുള്ള ഭയവും ആകാംക്ഷയും മനസ്സിൽ നിറയുന്നതു കാരണം നമ്മുടെ മനസ്സിന് അൽപ്പംപോലും ശാന്തിയില്ല.

നാളെയെക്കുറിച്ചുള്ള ഭയവും ആശങ്കയും നമ്മുടെ കഴിവുകളെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ചില കുട്ടികൾക്കു വീട്ടിൽ കുടുംബാംഗങ്ങളുടെ മുന്നിൽ നല്ല തന്മയത്വത്തോടെ നൃത്തം ചെയ്യാൻ കഴിയും. എന്നാൽ സ്റ്റേജിൽക്കയറിയാൽ അപരിചിതരായ കാണികളെ കാണുന്നതോടെ മനസ്സിലാകെ

ഭയമായി. കുലുങ്ങുന്ന സ്റ്റേജിൽ നൃത്തം ചെയ്യുന്ന ഒരു അവസ്ഥ. മുഖത്തു ഭാവങ്ങൾ വരില്ല. ഉള്ളിലെ ഭയം നൃത്തത്തിന്റെ ഭാവത്തെ നശിപ്പിക്കും. അതുപോലെ നമ്മൾ ജീവിതത്തിൽ വിജയിക്കുമോ പരാജയപ്പെടുമോ എന്നുള്ള ഭയം കാരണം ഈ നിമിഷത്തിൽ ചെയ്യുന്ന കർമ്മത്തിൽ വേണ്ടപോലെ നമുക്കു ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഈ നിമിഷത്തിൽ ജീവിക്കുക എന്നാൽ, ഓരോ നിമിഷവും വിവേകത്തോടുകൂടി ചെയ്യാനുള്ളതു ചെയ്യുക എന്നതാണ്. ഈ നിമിഷം ചെയ്യുന്ന കർമ്മത്തിൽ നമ്മൾ കാണിക്കുന്ന ശ്രദ്ധയാണ് നല്ലൊരു നാളെയെ നമുക്ക് പ്രദാനം ചെയ്യുന്നത്. അതിനാൽ നമ്മുടെ ഓരോ നിമിഷവും വിലയേറിയതാണ്.

ഒരു യുവാവ് എപ്പോഴും ടി.വി. കണ്ടുകൊണ്ടിരിക്കുമായിരുന്നു. പരീക്ഷ അടുത്തിട്ടും അവന്റെ സ്വഭാവത്തിൽ യാതൊരു മാറ്റവും വന്നില്ല. പഠിക്കാൻ പറഞ്ഞാൽ അവൻ പറയും "പരീക്ഷ ഭാവിയല്ലേ അതിനാൽ അതിനെക്കുറിച്ച് എനിക്കു ചിന്തയില്ല. ഭാവിയെപ്പറ്റി ചിന്തിക്കരുത്, ഈ നിമിഷത്തിൽ സന്തോഷമായിരിക്കണം എന്നാണ് അറിവുള്ളവർ പറയുന്നത്. എനിക്കു ടി.വി. കാണുമ്പോഴേ സന്തോഷമുള്ളു." മാതാപിതാക്കൾ അവനെ ഒരു ഗുരുവിന്റെയടുത്തു കൊണ്ടുപോയി. ഗുരു പറഞ്ഞു "മോനേ ഈ നിമിഷത്തിൽ ജീവിക്കുക എന്നു പറഞ്ഞാൽ ഈ നിമിഷം ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുക എന്നാണ്. ഈ നിമിഷം ശ്രദ്ധിച്ച് നീങ്ങിയാൽ നിനക്ക് ആഹ്ലാദത്തോടെ ജീവിക്കാൻ സാധിക്കും. താൽക്കാലികമായ സന്തോഷത്തിനുവേണ്ടി ഈ നിമിഷം പാഴാക്കിയാൽ പിന്നീടു ദുഃഖിക്കേണ്ടിവരും. ഭാവിയെക്കുറിച്ചും കഴിഞ്ഞതിനെക്കുറിച്ചും ചിന്തിച്ച് ഈ നിമിഷം നഷ്ടമാക്കരുത്. അതുകൊണ്ട് നമ്മുടെ കർമ്മം ധർമ്മനിഷ്ഠമായിരിക്കണം. ഓരോ കർമ്മത്തിലും ശ്രദ്ധ വയ്ക്കണം. ജീവിതകാലം മുഴുവൻ ടി.വി. കണ്ടാൽ സ്വന്തമായി ഒരു ടി.വി. വാങ്ങാനുള്ള പൈസപോലും നിനക്കു നേടാനാകില്ല. അതുകൊണ്ട് ഈ വർത്തമാന നിമിഷം ശ്രദ്ധയോടെ വിനിയോഗിക്കാനുള്ള മനസ്സ് നീ വളർത്തിയെടുക്കണം."

മറവിയിലെ ഓർമ്മയാണ് ജീവിതം. മറക്കേണ്ടത് മറന്നും ഓർക്കേണ്ടതു ഓർത്തും ജീവിക്കണം. ഒരു ഡോക്ടർ ആശുപത്രിയിൽ ഡ്യൂട്ടിയിലിരിക്കുമ്പോൾ വീട്ടിലെ ഭാര്യയേയും കുട്ടികളേയും കുറിച്ച് ഓർത്താൽ ഡോക്ടറുടെ ധർമ്മം ചെയ്യാൻ കഴിയില്ല. വീട്ടിലിരിക്കുമ്പോൾ ആശുപത്രികാര്യങ്ങൾ ഓർത്താൽ ഒരു ഗൃഹനാഥന്റെ ധർമ്മവും ചെയ്യാൻ പറ്റില്ല. ഈ നിമിഷം എന്നത് നമുക്കു ദൈവം നൽകിയ അമൂല്യമായ വരദാനമാണ്. ഈ നിമിഷത്തിൽ നമ്മൾ ശ്രദ്ധയോടെ വർത്തിച്ചാൽ ഭാവി ശോഭനമായിത്തീരും.

ചോദ്യങ്ങൾ :

(i) ''കൈവിട്ടുപോയ ഭൂതകാലത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നത്, ചീഞ്ഞളിഞ്ഞ മൃതശരീരത്തെ കെട്ടിപ്പിടിച്ചു കിടക്കുന്നതുപോലെയാണ്.'' സന്ദർഭവും ആശയവും വിവരിക്കുക. [3]

(ii) നൃത്തത്തിൽ പരാജയപ്പെടുന്ന കുട്ടിയുടെ അവസ്ഥയിലൂടെ ''ഈ നിമിഷത്തിൽ ജീവിക്കുക'' എന്നു പറയുന്നതിന്റെ പൊരുൾ വിശദമാക്കുക. [3]

(iii) ടി.വി. കണ്ടുകൊണ്ടിരിക്കുന്ന യുവാവിന്റെ ചിന്തകളും ഗുരുവിന്റെ ഉപദേശങ്ങളും വിവരിക്കുക. [3]

(iv) മുകളിൽ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിൽനിന്നും ഉത്തരങ്ങൾ കണ്ടെത്തി എഴുതുക :

(a) 'ചെയ്ത പ്രവർത്തിയെ ഓർത്തുള്ള വിഷമം' എന്നർത്ഥം വരുന്ന പദം ഏത് ? [1]

(1) ആകാംക്ഷ

(2) അശാന്തി

(3) കുറ്റബോധം

(4) അസ്വസ്ഥത

(b) വിലമതിക്കാനാകാത്തത് – ഒറ്റപ്പദം ഏത് ? [1]

(1) മൂല്യം

(2) അതിമൂല്യം

(3) അനതിമൂല്യം

(4) അമൂല്യം

(c) നമ്മുടെ കർമ്മം 'ധർമ്മനിഷ്ഠമാകണം' – ഇതുകൊണ്ട് അർത്ഥമാക്കുന്നത് : [1]

(1) എല്ലാം നിഷ്ഠയോടുകൂടി ചെയ്യണം

(2) ധർമ്മത്തിൽ ഉറച്ചുകൊണ്ട് കർമ്മം ചെയ്യണം

(3) നമ്മൾ കർമ്മങ്ങൾ ചെയ്യണം

(4) നമ്മൾ എല്ലാ പ്രവർത്തികളും ചെയ്യണം

(v) ശരിയായ ഉത്തരങ്ങൾ എടുത്തെഴുതുക :

(a) 'അതു നമ്മുടെ കയ്യിലിരിക്കുന്ന പണം പോലെയാണ്' ഏത് ? [1]

(1) മനസ്സിന്റെ സ്വഭാവം

(2) ഈ നിമിഷം

(3) അശ്രദ്ധ

(4) വിവേകം

(b) മനസ്സിനു ശാന്തിയില്ലാതാകാൻ കാരണം ? [1]

(1) പോക്കറ്റടിച്ചുപോയ പണം

(2) ഭാവിയെക്കുറിച്ചുള്ള ഭയവും ആകാംക്ഷയും

(3) നമുക്കു ലഭിച്ച കഴിവുകൾ

(4) കൈവിട്ടുപോയ ഭൂതകാലം

(c) താഴെക്കൊടുത്തിരിക്കുന്നവയിൽ 'ജീവിത'ത്തിനു ഏറ്റവും യോജിക്കുന്ന നിർവചനം ഏത് ? [1]

(1) ഓർമ്മയിലെ സന്തോഷം

(2) മറവിയിലെ ഓർമ്മ

(3) ഓർമ്മയിൽ തെളിയാത്തത്

(4) ഏറ്റവും തെളിച്ചമുള്ള ഓർമ്മ

**Question 3**

**(A) Answer the following questions as per the instructions given :**

**(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം എഴുതുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന തെറ്റായ പ്രസ്താവന തിരുത്തിയെഴുതുക : [1]

കാര്യങ്ങൾ പറയുന്നവനെ ശ്രോതാവെന്നും കേൾക്കുന്നവനെ വക്താവെന്നും പറയുന്നു.

(ii) ഉചിതമായ പദം ചേർത്ത് വാക്യം പൂർത്തിയാക്കുക : [1]

ദീപങ്ങളുടെ കൂട്ടത്തെയാണ് _________ എന്നു പറയുന്നത്.

(iii) താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ശരിയായ രൂപം ഏത് ? [1]

(a) ഭാര്യയുടെ സമ്മതത്തോടെ മരണമടഞ്ഞ ഭർത്താവിന്റെ കണ്ണുകൾ മറ്റൊരാൾക്കു നൽകി.

(b) മരണമടഞ്ഞ ഭർത്താവിന്റെ കണ്ണുകൾ ഭാര്യയുടെ സമ്മതത്തോടെ മറ്റൊരാൾക്കു നൽകി.

(c) മരണമടഞ്ഞ ഭർത്താവ് ഭാര്യയുടെ സമ്മതത്തോടെ കണ്ണുകൾ മറ്റൊരാൾക്കു നൽകി.

(d) മരണമടഞ്ഞ കണ്ണുകളാണ് ഭർത്താവിന്റെ സമ്മതത്തോടെ ഭാര്യ മറ്റൊരാൾക്കു നൽകിയത്.

(iv) ശരിയായ പദം ഏത് ? [1]

(a) അതിഥി

(b) അഥിതി

(c) അതിധി

(d) അധിഥി

(v) ഒറ്റപ്പദം എഴുതുക : [1]

നാലുകാലുള്ള മൃഗം

(a) നാൽക്കാലി

(b) നാൽക്കാലി മൃഗം

(c) മൃഗം

(d) നൽക്കാലി

**(B) Use the idioms in the sentence as per the instructions given :**

**(തന്നിരിക്കുന്ന ശൈലികൾ നിർദ്ദേശങ്ങളനുസരിച്ച് പ്രയോഗിക്കുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന ശൈലി ഉപയോഗിച്ച് ഒരു വാക്യം നിർമ്മിക്കുക : [1]

ചിറ്റമ്മനയം

(ii) ഉചിതമായ ശൈലി ചേർത്ത് വാക്യം പൂർത്തിയാക്കുക : [1]

മാതാപിതാക്കൾ മക്കളെ ______ പോലെയാണ് നോക്കുന്നതെങ്കിലും മക്കൾ ആ മഹത്വം മനസ്സിലാക്കുന്നില്ല.

(a) കണ്ണും മൂക്കുമില്ലാതെ

(b) കണ്ണിൽച്ചോരയില്ലാതെ

(c) കണ്ണിലുണ്ണി

(d) കണ്ണുകടി

(iii) താഴെക്കൊടുത്തിരിക്കുന്ന ശൈലിയുടെ അർത്ഥം എടുത്തെഴുതുക : [1]

'കീറാമുട്ടി'

(a) പരിഹരിക്കാൻ ആവാത്ത പ്രശ്നം

(b) സത്യത്തെ മറയ്ക്കാൻ ശ്രമിക്കുക

(c) തക്ക മറുപടി

(d) മനസ്സിലിരുപ്പ്

**(C) Use the proverbs in the sentences as per the instructions given :**

**(തന്നിരിക്കുന്ന പഴഞ്ചൊല്ലുകൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ ആശയം എടുത്തെഴുതുക :

കാള പെറ്റെന്നു കേട്ടു കയറെടുക്കുക [1]

(a) സ്വയം ഉപദ്രവം ഉണ്ടാക്കിവയ്ക്കുക

(b) നിഷ്പ്രയോജനമായ പ്രവൃത്തി

(c) വീണ്ടുവിചാരമില്ലാതെയുള്ള എടുത്തു ചാട്ടം

(d) അസാധ്യമായ ഒരു കാര്യം

(ii) താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പഴഞ്ചൊല്ല് ഏത് ? [1]

(a) കക്ഷത്തിൽ ഇരിക്കുന്നതു വീണാലും ഉത്തരത്തിൽ ഇരിക്കുന്നതു എടുക്കണം

(b) മണ്ണും ചാരി നിന്നവൻ മണ്ണുംകൊണ്ട് പോയി

(c) മുറ്റത്തെ മുല്ലയ്ക്കു മണമില്ല

(d) കൊക്കിനു വച്ചത് ചക്കിനു കൊണ്ടു

## SECTION—B

## LITERATURE – 40 MARKS

*Answer four questions from this Section on any three out of the four prescribed textbooks.*

**നിർദ്ദേശിച്ചിരിക്കുന്ന നാലു പാഠപുസ്തകത്തിൽ ഏതെങ്കിലും മൂന്നെണ്ണത്തിൽനിന്ന് നാല് ചോദ്യത്തിന് ഉത്തരം എഴുതുക.**

### ഗദ്യകൈരളി (GADYAKAIRALI)

**Question 4**

'എന്നിട്ട്, ഇന്റർവെല്ലായപ്പോ ഷെയ്ക്ക് പറഞ്ഞു, ഷെയ്ക്ക് ഇനി ഒരിക്കലും ആരേം സ്നേഹിക്കില്ലാന്ന്.''

(i) ''അമ്മ ഒരിക്കലും നുണ പറഞ്ഞിട്ട്ല്ല്യേ ?'' എന്ന് മകൾ ചോദിച്ചത് എപ്പോൾ ? [1]

(ii) ഉമക്കുട്ടി പറഞ്ഞ നുണകൾ എന്തെല്ലാം ? [2]

(iii) സിസ്റ്റർ ലൊറേറ്റ ഇടിവെട്ടുന്ന സ്വരത്തിൽ പ്രഖ്യാപിച്ചത് എന്തെല്ലാം ? [2]

(iv) ഇനി ഒരിക്കലും ആരേയും സ്നേഹിക്കില്ലെന്ന് പറയാൻ ഷേയ്ക്ക് ഫിറോസിനെ പ്രേരിപ്പിച്ച സംഭവം വിവരിക്കുക. [5]

**Question 5** [10]

'ഓരോ അപകടമുഖത്തുനിന്നും സ്വന്തം സുരക്ഷമാത്രം നോക്കി പോകുന്നവരെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട് തകഴി.' വെള്ളപ്പൊക്കത്തിൽ എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

**Question 6** [10]

''അവിടെയാണ് മനുഷ്യൻ ദേവനാകുന്നതെന്നു – കവി ഈ മൂന്നു പരീക്ഷയിലൂടെ സമർത്ഥിച്ചിരിക്കുന്നു.''

യുധിഷ്ഠിരൻ നേരിട്ട ധർമ്മ പരീക്ഷകളും മാരാരുടെ വിലയിരുത്തലുകളും വിവരിക്കുക.

## കാവ്യാഞ്ജലി (KAVYANJALI)

**Question 7**

"പരനിന്ദ വീശുന്ന

വാളിനാൽ ചൂളിപ്പോകാ

പരകോടിയിൽ ചെന്ന

പാവന ദിവ്യസ്നേഹം."

(i) സുന്ദരദിവാകരൻ മധുരമായി ചോദിച്ചതെന്ത് ? [1]

(ii) നായകന്റെ മുഖത്തേക്കു നോക്കിനിന്ന പൂവ് തന്റെ വികാരങ്ങളെ എങ്ങനെയെല്ലാം മറയ്ക്കാൻ ശ്രമിച്ചു ? [2]

(iii) സ്നേഹത്തെപ്പറ്റിയുള്ള കവിയുടെ കാഴ്ചപ്പാട് എന്താണ് ? [2]

(iv) 'ആ വിശുദ്ധമാം മുഗ്ദ്ധ –

പുഷ്പത്തെക്കണ്ടിടില്ലെങ്കിൽ

ആവിധം പരസ്പരം

സ്നേഹിക്കാതിരുന്നെങ്കിൽ''.

നാഥന്റെ ഈ ചിന്താഗതിക്കുള്ള കാരണങ്ങൾ വിവരിക്കുക. [5]

**Question 8** [10]

''ആയിരം വർഷം കുഴലിലിരുന്നൊരു

നായുടെ വാലു വളഞ്ഞേ തീരൂ''.

എന്ന് പറയാൻ കവിയെ പ്രേരിപ്പിച്ച സാമൂഹിക പ്രശ്നങ്ങളെപ്പറ്റി വിശകലനം ചെയ്യുക.

**Question 9** [10]

''നാമന്യോന്യ മൂന്നുവടികളായ് നിൽക്കാം''-

അശാന്തമായ മനസ്സുകൾക്കുള്ള ശാന്തി മന്ത്രമാണ് 'സഫലമീയാത്ര'. വിശകലനം ചെയ്യുക.

## അസുരവിത്ത് (ASURAVITH)

**Question 10**

"മാധവിയേടത്തി നടന്നകന്നപ്പോൾ അവരോട് മുമ്പ് ഒരിക്കലും തോന്നാത്തത്ര ബഹുമാനം തോന്നി."

(i) മാധവിയേടത്തിയോട് ഗോവിന്ദൻകുട്ടിക്ക് ബഹുമാനം തോന്നാൻ കാരണമെന്ത് ? [1]

(ii) വൈകുന്നേരങ്ങളിൽ കടവിനടുത്തുള്ള സിമന്റ് തിണ്ണയിലിരുന്ന് അബ്ദു പറഞ്ഞ വിശേഷങ്ങൾ എന്തെല്ലാം ? [2]

(iii) സ്വപ്നങ്ങൾ വളരെ വിചിത്രങ്ങളാണെന്ന് ഗോവിന്ദൻകുട്ടി ചിന്തിച്ചത് എപ്പോൾ ? [2]

(iv) അങ്ങാടിപ്പുരയെക്കുറിച്ച് വിവരിക്കുക. [5]

**Question 11** **[10]**

ഗോവിന്ദൻകുട്ടിക്കു കുഞ്ഞരയ്ക്കാരുടെ കുടുംബവുമായി സൗഹൃദമുണ്ടായതും അതു പിന്നെ തകർന്നതും എങ്ങനെയെന്നു വിവരിക്കുക.

**Question 12** **[10]**

"കിഴക്കുമ്മുറിയിൽ ആളുകൾക്ക് ഏറ്റവും ആവശ്യമുള്ള മനുഷ്യൻ താനാണെന്ന് ആ അർദ്ധബോധാവസ്ഥയിലും അയാൾ ഓർത്തു ആളുകൾക്കല്ല, ശവങ്ങൾക്ക്".

നോവലിന്റെ അവസാനഭാഗത്ത് അസാധാരണ വ്യക്തിത്വത്തോടെ ഉയിർത്തെഴുന്നേൽക്കുന്ന ഗോവിന്ദൻകുട്ടിയുടെ ചിത്രം ഒരിക്കലും മറക്കാൻ കഴിയില്ല. എട്ടാം അദ്ധ്യായത്തിലെ സംഭവവികാസങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

### ആ മനുഷ്യൻ നീ തന്നെ (AA MANUSHYAN NEE THANNE)

**Question 13**

"ചില കാര്യങ്ങൾ പറയാൻ കടങ്കഥ അല്ലാതെ ഭാഷയില്ല."

(i) രബ്ബയിൽനിന്ന് എത്തിയ ദൂതൻ പറഞ്ഞതായി അമാസ ദാവീദിനെ അറിയിച്ചതെന്ത് ? **[1]**

(ii) അമാസയ്ക്ക് ദാവീദ് നൽകിയ മറുപടി എന്ത് ? **[2]**

(iii) കടങ്കഥയ്ക്ക് ബെത്ശേബ പറഞ്ഞ പൊരുളെന്ത് ? **[2]**

(iv) "പഴയ പ്രശസ്തിയാണ് ദാവീദിന്റെ സിംഹാസനത്തിന്റെ ഉറപ്പ്" – പറഞ്ഞതാര് ? സന്ദർഭം ? **[5]**

**Question 14** **[10]**

"ഏതായാലും ഈ ഒഴുക്കിനെതിരായി നീന്താൻ എനിക്ക് ശക്തിയില്ല. ഞാൻ കണ്ണടച്ച് അതിന് കീഴടങ്ങുകയാണ്." എന്നറിയിച്ച ദാവീദിന് ബെത്ശേബയോടുള്ള പ്രണയത്തെക്കുറിച്ച് കഥാസന്ദർഭങ്ങൾ വിവരിച്ചു വ്യക്തമാക്കുക.

**Question 15** **[10]**

പശ്ചാത്താപത്തിലൂടെ പാപമുക്തി നേടണമെന്ന സന്ദേശത്തിലൂടെ, മനുഷ്യമനസ്സിന്റെ വിമലീകരണത്തിനു പിന്നിൽ ഒരു ദിവ്യശക്തി ഉണ്ടെന്ന ഓർമ്മപ്പെടുത്തലും നാടകകൃത്ത് നടത്തുന്നുണ്ട്. വിശകലനം ചെയ്യുക.